REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 29-09-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പതിനഞ്ചാം കേരള നിയമസഭയുടെ പതിന്നാലാം സമ്മേളനം ഇന്ന് പുനരാരംഭിക്കും.**
- **മുഖ്യമന്ത്രി എന്നോടൊപ്പം സിറ്റിസൺ കണക്ട് സെന്റർ വൈകിട്ട് - പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **ഇന്ന് ലോക ഹൃദയ ദിനം.**
- **തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സമ്പൂർണ ഡിജിറ്റൈസേഷൻ ബില്ലിംഗ് സംവിധാനത്തിന് തുടക്കമായി.**
- **പാകിസ്ഥാനെ അഞ്ച് വിക്കറ്റിന് തകർത്ത് ഇന്ത്യ ഒമ്പതാമത് ഏഷ്യാകപ്പ് സ്വന്തമാക്കി.**

## വാർത്തകൾ വിശദമായി

പതിനഞ്ചാം കേരള നിയമസഭയുടെ പതിന്നാലാം സമ്മേളനം ഇന്ന് പുനരാരംഭിക്കും.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

(വോയ്സ് )

ഒൻപതു ദിവസത്തെ ഇടവേളയ്ക്കു ശേഷമാണ് ഇന്നും നാളെയും സഭ സമ്മേളിക്കുന്നത്. അഞ്ചു ദിവസങ്ങളിൽ മൂന്നു ദിവസവും അടിയന്തര പ്രമേയങ്ങൾ പരിഗണിച്ചു എന്ന സവിശേഷതയുമായാണ് നടപ്പു സമ്മേളനം ഇന്നു പുനരാരംഭിക്കുന്നത്. മുനിസിപ്പാലിറ്റീസ് ഭേദഗതി നിയമം, പഞ്ചായത്ത് രാജ് ഭേദഗതി നിയമം എന്നിവ ഇന്നു സഭയിൽ അവതരിപ്പിക്കും. തീവ്ര വോട്ടർ

പട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പ്രമേയവും ഇന്നു സഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

✪✪✪

മുഖ്യമന്ത്രി എന്നോടൊപ്പം സിറ്റിസൺ കണക്ട് സെന്റർ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. വെള്ളയമ്പലത്തെ പഴയ എയർ ഇന്ത്യ ഓഫീസിലാണ് സെന്റർ പ്രവർത്തിക്കുന്നത്. പൊതുജനങ്ങളുടെ പരാതികളും അഭിപ്രായങ്ങളും നിർദേശങ്ങളും മുഖ്യമന്ത്രിയെ അറിയിക്കുന്നതിനാണ് സിറ്റിസൺ കണക്ട് സെന്റർ പ്രവർത്തനമാരംഭിക്കുന്നത്.

1800 - 425- 6789 എന്ന ടോൾഫ്രീ നമ്പറിലൂടെ മുഖ്യമന്ത്രിക്ക് അഭിപ്രായങ്ങളും പരാതികളും നൽകാം. ജനങ്ങളുടെ അഭിപ്രായങ്ങളും പരാതികളും നിർദേശങ്ങളും കേൾക്കാനും പരിഹരിക്കാനും സംവിധാനങ്ങൾ ഉണ്ടെങ്കിലും അവ കൂടുതൽ മെച്ചപ്പെടുത്തണമെന്ന ലക്ഷ്യത്തോടെയാണ് 'CM വിത്ത് മീ' -ആരംഭിക്കുന്നതെന്ന് പിണറായി വിജയൻ അറിയിച്ചു.

പൊതുജനങ്ങളും ഗവൺമെന്റുമായി ഇഴയടുപ്പവും സുസ്ഥിര പങ്കാളിത്ത വികസന മാതൃകയും ശക്തിപ്പെടുത്താനാണ് പരിപാടിയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ഡൽഹിയിലെ പുതിയ BJP ഓഫീസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. ദീൻ ദയാൽ ഉപാധ്യായ മാർഗിൽ നവരാത്രി ആഘോഷങ്ങളോടനുബന്ധിച്ചാണ് ഉദ്ഘാടനം. ഉദ്ഘാടന ചടങ്ങിൽ, BJP ദേശീയ അധ്യക്ഷൻ JP നദ്ദയും, കേന്ദ്രമന്ത്രിമാരും മുതിർന്ന് നേതാക്കളും പങ്കെടുക്കും.

✪✪✪

ഈ മാസം 22ന് നിലവിൽ വന്ന വരുംതലമുറ GST പരിഷ്കരണം രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനകരമാണ്. ഇന്ത്യയുടെ പരോക്ഷനികുതി സമ്പ്രദായം ലളിതമാക്കുന്നതിന് സുപ്രധാന ചുവടുവെപ്പാണിത്.

..........വോയ്സ്.......

ശിശുസംരക്ഷണ ഉൽപ്പന്നങ്ങൾക്ക് GST കുറച്ചത് സാധാരണക്കാരുടെ മേലുണ്ടായിരുന്ന ഭാരം ലഘൂകരിക്കുന്നതിന് ഏറെ സഹായകമാണ്. ഫീഡിങ് ബോട്ടിലുകൾ, നാപ്കിനുകൾ, നാപ്കിൻ ലൈനറുകൾ തുടങ്ങിയ നിരവധി

അവശ്യവസ്തുക്കളുടെ നികുതി 12 ശതമാനത്തിൽ നിന്നും അഞ്ചു ശതമാനമായാണ് കുറച്ചത്. കുട്ടികളുടെ ആരോഗ്യത്തെ പിന്തുണക്കുന്നതിന് UHT പാലിന്റെ നികുതി പൂർണ്ണമായും ഒഴിവാക്കി. തെർമോമീറ്ററിന്റെ GST യും പൂർണ്ണമായും കുറച്ചു.

വിവിധ സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിരക്കുകൾ കുറച്ച് പൗരന്മാർക്ക് GST പരിഷ്കരണങ്ങൾ ഗണ്യമായ ആശ്വാസമാണ് നൽകുന്നത്.

✪✪✪

രാജ്യത്ത് പുരോഗതിയും പരിവർത്തനവും കൊണ്ടുവരാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവണ്മെന്റ് അക്ഷീണം പ്രവർത്തിച്ചുവരികയാണ്. ഗതിശക്തി മാസ്റ്റർ പ്ലാനിലൂടെ ഗവണ്മെന്റ് അടിസ്ഥാന സൗകര്യ വികസനത്തിൽ സൃഷ്ടിച്ച വിപ്ലവത്തെകുറിച്ചാണ് ആകാശവാണി സേവാ പർവ് പ്രത്യേക പരമ്പരയിൽ ഇന്ന് വിശദീകരിക്കുന്നത്.

.........വോയ്സ്........

അടിസ്ഥാന മേഖലാവികസനത്തിലെ തടസ്സങ്ങൾ നീക്കി നിർവഹണം വേഗത്തിലാക്കുകയാണ് PM ഗതിശക്തി മാസ്റ്റർപ്ലാനിന്റെ സവിശേഷത. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഭിപ്രായത്തിൽ സമഗ്രഭരണത്തിന്റെ വികാസമാണ് ഗതിശക്തി. വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഏകോപിപ്പിച്ച് ഇത് വികസനപ്രവർത്തനങ്ങളുടെ വേഗം വർധിപ്പിക്കും. 57 മന്ത്രാലയങ്ങളും 36 സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ഒരേ ഡിജിറ്റൽ പ്ലാറ്റ് ഫോമിലൂടെ ഒത്തൊരുമിച്ചു പ്രവർത്തിച്ച് മികച്ച ആസൂത്രണത്തിലൂടെയാണ് വികസന പ്രവൃത്തികൾ വിലയിരുത്തുന്നത്. 13 ലക്ഷത്തി 59,000 കോടി രൂപയുടെ 293 അടിസ്ഥാനസൗകര്യ പദ്ധതികൾ ഇതിനകം വിലയിരുത്തിയിട്ടുണ്ട്. 2047-ഓടെ ലോകത്തെ ഏറ്റവും വലിയ വികസിത രാജ്യമാക്കി ഇന്ത്യയെ മാറ്റുന്നതിന് പ്രധാനമന്ത്രി ഗതി ശക്തി മാസ്റ്റർപ്ലാൻ ലക്ഷ്യമിടുന്നു.

സേവാപർവിന്റെ ഭാഗമായി സാംസ്കാരിക മന്ത്രാലയം ഇന്നലെ കോഴിക്കോട് അടക്കം രാജ്യത്തെ പ്രധാന നഗരങ്ങളിൽ 'വികസിത് ഭാരത് കെ രംഗ് - കലാ കെ സംഗ് ' എന്ന വിഷയത്തിൽ കലാ ശില്പശാലകൾ സംഘടിപ്പിച്ചു.

✪✪✪

ഇന്ന് ലോക ഹൃദയ ദിനം. വേൾഡ് ഹാർട്ട് ഫെഡറഷനും യുനസ്കോയും ലോകാരോഗ്യ സംഘടനയും സംയുക്തമായാണ് ലോക ഹൃദയ ദിനം ആചരിക്കുന്നത്. 'ഒരു സ്പന്ദനം പോലും നഷ്ടമാക്കരുത്' എന്നതാണ് ഈ

വർഷത്തെ ദിനാചരണ പ്രമേയം. എല്ലാ വർഷവും 17 ദശലക്ഷത്തിലധികം ആളുകൾ ഹൃദ് രോഗം മൂലം മരിക്കുന്നുവെന്നാണ് കണക്ക്.

ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് നിയമസഭയിൽ സംഘടിപ്പിക്കുന്ന 'സിപിആർ' പരിശീലന ക്യാമ്പയിൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കേരള മീഡിയാ അക്കാദമിയുടെ അന്തർദേശീയ മാധ്യമോത്സവത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് വൈകിട്ട് പാലസ്തീൻ ഐക്യദാർഢ്യസമ്മേളനം സംഘടിപ്പിക്കും. ടാഗോർ തിയേറ്ററിലെ സമ്മേളനത്തിൽ ഇന്ത്യയിലെ പാലസ്തീൻ സ്ഥാനപതി അബ്ദുള്ള അബു ഷ്വീഷ് മുഖ്യാതിഥിയാകും. മന്ത്രി KN ബാലഗോപാലും പ്രതിപക്ഷ നേതാവ് VD സതീശനും ചേർന്ന് സമ്മേളനവും സല്യൂട്ട് ഗാസ ഫോട്ടോ പ്രദർശനവും ഉദ്ഘാടനം ചെയ്യും. ഒക്ടോബർ രണ്ട് വരെ നീളുന്ന മാധ്യമോത്സവം നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഔപചാരികമായി ഉദ്ഘാടനം ചെയ്യും.

✪✪✪

ശബരിമല ഉൾപ്പടെ ക്ഷേത്രങ്ങളിൽ ലഭിക്കുന്ന വിലയേറിയ എല്ലാ വസ്തുക്കളുടെയും ഓഡിറ്റിങ് നടത്തി ഡിജിറ്റൽ രേഖകൾ തയ്യാറാക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടിയെടുക്കും. ശബരിമല ദ്വാരപാലക ശിൽപ്പങ്ങളിലെ സ്വർണ്ണപ്പാളികളുമായി ബന്ധപ്പെട്ട വിവാദങ്ങളുടെ പശ്ചാത്തലത്തിലാണ് ദേവസ്വം ബോർഡ് മെഗാ ഓഡിറ്റിങ് നടത്താൻ ഒരുങ്ങുന്നത്.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സമ്പൂർണ ഡിജിറ്റൈസേഷൻ ബില്ലിംഗ് സംവിധാനത്തിന് തുടക്കമായി. കൊട്ടാരക്കര ഗണപതി ക്ഷേത്ര ഓഡിറ്റോറിയത്തിൽ മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. ഭക്തർക്ക് ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഓൺലൈനായി വഴിപാടുകൾ ബുക്ക് ചെയ്യാൻ സംവിധാനം വഴി സാധിക്കും.

✪✪✪

പാകിസ്ഥാനെ അഞ്ച് വിക്കറ്റിന് തകർത്ത് ഇന്ത്യ ഒമ്പതാമത് ഏഷ്യാകപ്പ് സ്വന്തമാക്കി. ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ടോസ് നേടിയ ഇന്ത്യ പാകിസ്ഥാനെ ബാറ്റിംഗിന് അയക്കുകയായിരുന്നു. 19.1 ഓവറിൽ പാകിസ്ഥാനെ 146 റൺസിന് പുറത്താക്കിയ ഇന്ത്യ മറുപടി ബാറ്റിംഗിൽ 19.4 ഓവറിൽ അഞ്ച് വിക്കറ്റിന് 150 റൺസെടുത്ത് വിജയം കൈപ്പിടിയിലൊതുക്കി.

ഗ്രൂപ്പ് ഘട്ടത്തിലും സൂപ്പർ ഫോറിലും പാകിസ്ഥാനെ മൂന്ന് മത്സരങ്ങളിലും തോൽപ്പിച്ചാണ് ഇന്ത്യയുടെ ഉജ്ജ്വല വിജയം.

ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ ചെയർമാനും പാകിസ്ഥാൻ ആഭ്യന്തര കാര്യമന്ത്രിയുമായ മൊഹസിൻ നഖ്-വിയിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങാൻ ഇന്ത്യൻ ടീം വിസമ്മതിച്ചു.

രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അടക്കം പ്രമുഖർ ഏഷ്യകപ്പ് വിജയത്തിൽ ഇന്ത്യൻ ടീമിനെ അഭിനന്ദിച്ചു. ഭാവിയിലും ഇത്തരം വിജയങ്ങൾ ആവർത്തിക്കാൻ ടീമിന് കഴിയട്ടെയെന്ന് അവർ ആശംസിച്ചു. മത്സരത്തെ ഓപ്പറേഷൻ സിന്ദൂറിനോട് ഉപമിച്ച പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടിലും വിജയം ഇന്ത്യയുടേതായി എന്ന് സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. മുഖ്യമന്ത്രി പിണറായി വിജയനും ഇന്ത്യൻ ടീമിനെ അഭിനന്ദിച്ചു.

ജേതാക്കളായ ഇന്ത്യൻ ടീമിന് BCCI, 21 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ചു. തന്റെ മുഴവൻ മാച്ച് ഫീയും ഇന്ത്യൻ സേനയ്ക്ക് സംഭാവന നൽകുമെന്ന് ക്യാപ്റ്റൻ സൂര്യകുമാർ യാദവ് അറിയിച്ചു

✪✪✪

നൂറിലേറെ രാജ്യങ്ങളിൽ യുവജന ക്ഷേമ സ്പോർട്സ് മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ വികസിത് ഭാരത് റൺ നടത്തി. 'റൺ ടു സേവ് ദി നേഷൻ' എന്ന ടാഗ്‌ലൈനിൽ മൂന്ന് മുതൽ അഞ്ച് കിലോമീറ്റർ വരെ ദൂരത്തിൽ സേവാ പഖ് വാഡയുടെ ഭാഗമായാണ് ഓട്ടം സംഘടിപ്പിച്ചത്.

✪✪✪

സൂപ്പർ ലീഗ് കേരള രണ്ടാം സീസണിൽ പങ്കെടുക്കുന്ന കണ്ണൂർ വാരിയേഴ്സ് FC ടീമിനെ പ്രഖ്യാപിച്ചു. CK. ഉബൈദ് ആണ് ഗോൾ കീപ്പർ. സ്പാനിഷ് സ്ട്രൈക്കർ അഡ്രിയാൻ സർഡിനേറോ, കാമറൂൺ താരം എണസ്റ്റീന് ലാവ്സാംബ എന്നിവരാണ് സീസണിലെ പുതിയ ക്യാപ്റ്റൻമാർ.

കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ കണ്ണൂർ വാരിയേഴ്സിന്റെ അഞ്ച് മത്സരങ്ങൾ നടത്തും. വനിതകൾക്കും 12 വയസിൽ കുറഞ്ഞ കുട്ടികൾക്കും ഹോം മത്സരങ്ങൾ സൗജന്യമായി കാണാമെന്ന് ടീം ചെയർമാൻ ഡോ. ഹസ്സൻ കുഞ്ഞി പറഞ്ഞു.

✪✪✪

ഇന്ത്യൻ വനിതാ ക്രിക്കറ്റ് പ്രീമിയർലീഗിന്റെ ചെയർമാനായി കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് ജയേഷ് ജോർജ്ജിനെ തെരഞ്ഞെടുത്തു. മുംബൈയിൽ ചേർന്ന BCCI വാർഷിക പൊതുയോഗത്തിലായിരുന്നു തെരഞ്ഞെടുപ്പ്. വിമൻസ് പ്രീമിയർലീഗിന്റെ ആദ്യ ചെയർമാൻ എന്ന അംഗീകാരമാണ് ഇതിലൂടെ ജയേഷ് ജോർജ്ജിന് ലഭിച്ചത്.

✪✪✪

മൻ കി ബാതിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി സംസാരിക്കാൻ മകൾക്ക് അവസരം ലഭിച്ചതിൽ സന്തോഷിക്കുകയാണ് കോഴിക്കോട്, കക്കോടി പറമ്പിൽക്കടവ് സ്വദേശിയായ ലെഫ്റ്റനന്റ് കമാൻഡർ ദിൽനയുടെ മാതാപിതാക്കൾ.

കോഴിക്കോട്ട് നിന്ന് നസീർബാബുവിന്റെ റിപ്പോർട്ട്

........വോയ്സ്........

✪✪✪

വിശ്വകർമ്മ സമുദായത്തിന്റെ അവകാശങ്ങൾ അനുഭാവപൂർവം പരിഗണിച്ച് അംഗീകരിക്കുമെന്ന് മന്ത്രി VN വാസവൻ കോട്ടയത്ത് അറിയിച്ചു. ചരിത്രത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ വിഭാഗമാണ് വിശ്വകർമ സമുദായമെന്ന് അദ്ദേഹം പറഞ്ഞു. മാമൻ മാപ്പിള ഹാളിലെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട്ട് കേസരി സർഗ്ഗോത്സവത്തിന്റെ ഭാഗമായി നവരാത്രി സർഗ്ഗപ്രതിഭാ പുരസ്കാരം വൈകിട്ട് ഗായകൻ മധു ബാലകൃഷ്ണന് സമ്മാനിക്കും. ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരിയും നടി വിധുബാലയും ചേർന്നാണ് പുരസ്കാരം കൈമാറുന്നത്. 25,000 രൂപയും ശില്പവും അടങ്ങുന്നതാണ് നവരാത്രി സർഗ്ഗപ്രതിഭാ പുരസ്കാരം.

✪✪✪

മുഴുവൻ പട്ടിക വർഗ്ഗക്കാർക്കും ആറ് ആധികാരിക രേഖകൾ ഉറപ്പാക്കിയ സംസ്ഥാനത്തെ രണ്ടാമത്തെ ജില്ലയായി കാസർകോടിനെ മുഖ്യമന്ത്രി പിണറായി വിജയൻ ഒക്ടോബർ രണ്ടിന് പ്രഖ്യാപിക്കും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs:, സബിത ആനന്ദ്*
*DEO : സി കെ സുബോധ്*